റോഡ് സുരക്ഷാ അതോറിറ്റി രൂപീകരണം

29 [1439] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ബില്ലിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് വികസനത്തിനുമായി തയ്യാറാക്കിയ സോഫ്റ്റ്വെയറിന്റെ പ്രവർത്തനവും പ്രയോജനവും വിശദീകരിക്കുമോ;

(സി) ഇത് നടപ്പിൽ വന്നാൽ ഗതാഗതസംവിധാനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എപ്രകാരമാണെന്നും ആയത് ജനങ്ങൾക്ക് ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുമെന്നും വ്യക്തമാക്കാമോ;

(ഡി) മൺസൂൺ കാലവർഷം റോഡ് സുരക്ഷയ്ക്ക് ഭീഷണിയാണെന്ന കാഴ്ചപ്പാടോടെ സ്വീകരിച്ചിട്ടുള്ള നിവാരണ നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) റോഡ് സുരക്ഷാ അതോറിറ്റി രൂപീകരണം സംബന്ധിച്ച ബില്ല് നിയമസഭയുടെ ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റോഡ് അപകടങ്ങൾ പരമാവധി കുറയ്ക്കുക, ഇതിനുള്ള പരിപാടികൾ ഊർജ്ജിതപ്പെടുത്തുക, അപകടത്തിൽപ്പെടുന്നവർക്ക് ട്രോമാകെയർ ഉൽപ്പെടെയുള്ള അടിയന്തിര സഹായം ലഭ്യമാക്കുക, റോഡ് സുരക്ഷാ പ്രവർത്തനവുമായി ബന്ധപ്പെട്ട ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകീകരിക്കുക തുടങ്ങിയവയാണ് ബില്ലിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ.

(ബി) ഇത്തരത്തിൽ ഒരു സോഫ്റ്റ്വെയർ മരാമത്ത് വകുപ്പോ മോട്ടോർ വാഹന വകുപ്പോ വികസിപ്പിച്ചെടുത്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നല്ല ട്രെഡ് ഉള്ള ടയറുകൾ ഘടിപ്പിക്കുക, വൈപ്പർ പ്രവർത്തനക്ഷമമാക്കുക മുതലായ കാര്യങ്ങളെപ്പറ്റി ഡ്രൈവർമാരെ ബോധവാൻമാരാക്കാറുണ്ട്. കൂടാതെ റോഡ് സുരക്ഷാവാരം പോലുള്ള പരിപാടികൾ നടത്തുമ്പോൾ ക്ലാസ്സുകൾ നടത്തിയും സെമിനാറുകൾ സംഘടിപ്പിച്ചും ബോധവൽക്കരണം നടത്താറുണ്ട്.

വിദേശ സഹായത്തോടെയുള്ള മരാമത്ത് പണി

30 [1440] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രകോടി രൂപയുടെ മരാമത്തുപണികൾ നടത്തിയിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പണികൾ നടത്തിയവർക്ക് എന്തുതുക കൊടുത്തുതീർത്തു; ഇനി എന്തു തുക നൽകുവാനുണ്ട്;

(സി) ഈ സർക്കാർ മരാമത്ത് പണികൾക്കായി ഓരോ വർഷങ്ങളിലും നീക്കിവച്ച തുക എത്ര; എന്തു തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കാമോ;

(ഡി) മരാമത്തു പണികൾക്കായി എന്തു തുക കേന്ദ്രസർക്കാർ ഓരോ വർഷവും നീക്കിവയ്ക്കുകയുണ്ടായി; എന്തു തുക ചെലവഴിച്ചു; എന്തു തുക ലാപ്സായി എന്തു വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ മരാമത്തു പണികൾക്കായി എന്തുതുകയുടെ വിദേശ സഹായം മറ്റ് ഏജൻസികൾ, ഇൻഷ്വറൻസ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും കടം വാങ്ങിയിട്ടുണ്ട്;

(എഫ്) ഇതിനായി ഏതെല്ലാം സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയുമായി കരാർ ഒപ്പിട്ടിട്ടുണ്ട്; ഇവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏകദേശം 990 കോടി രൂപ യോളം വരുന്ന മരാമത്തുപണികൾ ചെയ്തിട്ടുണ്ട്.

കെട്ടിട വിഭാഗത്തിൽ 2001-2002 വർഷത്തിൽ 9828.92 ലക്ഷം രൂപയും 2002-2003 വർഷത്തിൽ 11740.18 ലക്ഷം രൂപയും 2003-2004 വർഷത്തിൽ 10640.63 ലക്ഷം രൂപയും 2004-2005 വർഷത്തിൽ 319.92 ലക്ഷം രൂപയുടെയും മരാ മത്തു പണികൾ നടത്തിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ 2001-2002 വർഷത്തിൽ പദ്ധതി ഇനത്തിൽ 347 ലക്ഷം രൂപയും 2002-2003 വർഷത്തിൽ 158 ലക്ഷം രൂപയും 2003-2004 വർഷ ത്തിൽ 110 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. പദ്ധതിയേതര വിഭാഗത്തിൽ 2002-2003 സാമ്പത്തിക വർഷത്തിൽ 1875 ലക്ഷം രൂപയും 2003-2004 വർഷത്തിൽ 651.87 ലക്ഷം രൂപയും സംസ്ഥാന ബഡ്ജറ്റിൽനിന്നും ചെലവാക്കിയിട്ടുണ്ട്.

(ബി) ദേശീയപാതാ വിഭാഗത്തിൽ പദ്ധതി ഇനത്തിൽ ഏകദേശം 5 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ (സി. ആർ. എഫ്.) ഏകദേശം 12 കോടി രൂപയും കൊടുത്തു തീർക്കുവാനുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് പണി നടത്തിയ ഇനത്തിൽ 821.83 കോടി രൂപ നൽകിയിട്ടുണ്ട്. 524 കോടി രൂപ ഈ ഇനത്തിൽ നൽകാനുണ്ട്. കെട്ടിട വിഭാഗത്തിൽ 2003-2004-ൽ 86.83 കോടി രൂപ കൊടുത്തുതീർത്തു. 31-3-2004 വരെയുള്ള കണക്കനുസരിച്ച് ഏകദേശം 95 കോടി രൂപ കൂടിശ്ശിക ഇനത്തിൽ നൽകുവാനുണ്ട്.

(സി) ദേശീയപാതാ വിഭാഗത്തിൽ 2001-2002 സാമ്പത്തിക വർഷത്തിൽ പദ്ധതി ഇനത്തിൽ 689 ലക്ഷം രൂപയും 2002-2003 വർഷത്തിൽ 1296 ലക്ഷം രൂപയും 2003-2004 വർഷത്തിൽ 11.91 ലക്ഷം രൂപയും 2004-2005 വർഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

293.59 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. പദ്ധതിയേതര ഇനത്തിൽ 2002-2003 സാമ്പത്തിക വർഷത്തിൽ 789 ലക്ഷം രൂപയും 2003-2004 വർഷത്തിൽ 919 ലക്ഷം രൂപയും 2004-2005 വർഷത്തിൽ 1018.50 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2001-2002 വർഷത്തിൽ 283.86 കോടി രൂപയും 2002-2003 വർഷത്തിൽ 417.28 കോടി രൂപയും 2003-2004-ൽ 356.35 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. 2001-2002-ൽ 232.22 കോടി രൂപയും 2002-2003-ൽ 412.31 കോടി രൂപയും 2003-2004-ൽ 337.46 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കെട്ടിട വിഭാഗത്തിൽ 2001-2002 വർഷത്തിൽ 15554.75 ലക്ഷം രൂപയും 2002-2003 വർഷത്തിൽ 15792.98 ലക്ഷം രൂപയും 2003-2004 വർഷത്തിൽ 16593.08 ലക്ഷം രൂപയും 2004-2005 വർഷത്തിൽ 15857.13 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

(ഡി) ദേശീയപാതയുടെ നിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും അനുവദിച്ച തുകയും വിശദവിവരവും ചുവടെ ചേർക്കുന്നു:

വർഷം	*കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ച തുക*	*ചെലവാക്കിയത്*	*ലഭ്യമായത്*
2001-2002	80 കോടി	78.12 കോടി	1.88 കോടി
2002-2003	75 കോടി	75 കോടി	..
2003-2004	99.89 കോടി	95.60 കോടി	4.29 കോടി
2004-2005	75 കോടി	4.8 കോടി (മേയ് വരെ)	..

(ഇ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നബാർഡിൽനിന്നും വിവിധ സ്കീമുകളിലായി അനുവദിച്ച വായ്പാ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു:

RIDF VI-ൽ 29 പാലങ്ങൾക്കായി 40.86 കോടി രൂപയും 30 റോഡുകൾക്കായി 38.18 കോടി രൂപയും,

RIDF VII-ൽ 32 പാലങ്ങൾക്കായി 67.81 കോടി രൂപയും 15 റോഡുകൾക്കായി 32.15 കോടി രൂപയും,

RIDF VIII-ൽ 44 പാലങ്ങൾക്കായി 69.80 കോടി രൂപയും 38 റോഡുകൾക്കായി 69.62 കോടി രൂപയും,

RIDF IX പ്രകാരം 14 പാലങ്ങൾക്കായി 15.73 കോടി രൂപയും 4 റോഡുകൾക്കായി 2.44 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കെ. എസ്. ടി. പി: മുഖാന്തിരമുള്ള റോഡ് വികസനത്തിന് ലോക ബാങ്കിൽനിന്നും വായ്പയായി അനുവദിച്ചുള്ള 1230 കോടി രൂപയിൽനിന്നും 142.87 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(എഫ്) ലോകബാങ്ക്, നബാർഡ് എന്നിവയുമായി ഉടനടി ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly